**'ഭരണഭാഷ- മാതൃഭാഷ'**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- ശുചിത്വ മിഷൻ- 30/9/2019, 1/10/2019, 2/10/2019 എന്നീ തീയതികളിൽ ഗുജറാത്തിലെ ഒ.ഡി.എഫ്. പ്രവർത്തനങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനായി ഗുജറാത്ത് സംസ്ഥാനത്ത് സന്ദർശനം നടത്തുന്നതിനും 'സ്വച്ഛ് ഭാരത് ദിവസ്' ആയ ഒക്ടോബർ 2-ന് ബഹു. പ്രധാനമന്ത്രി പങ്കെടുക്കുന്ന യോഗത്തിൽ പങ്കെടുക്കുന്നതിനുമായി അഹമ്മദാബാദിലേക്കും തിരിച്ചും നടത്തിയ വിമാനയാത്രയ്ക്ക് മുൻ നൽകേണ്ട അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.247/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 30/01/2020

പരാമർശം:- 1 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20.08.2019-ലെ 2539/എ/2019/എസ്എം നമ്പർ കത്ത്.

2 06/09/2019-ലെ ഐ.എ.2/98/2019/ത.സ്വ.ഭ.വ. നമ്പർ സർക്കാർ കത്ത്.

3 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 04.09.2019-ലെ 2539/എ/2019/എസ്എം നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1-ലെ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം ഗുജറാത്തിലെ ഒ.ഡി.എഫ്. പ്രവർത്തനങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനായി ഗുജറാത്ത് സംസ്ഥാനത്ത് സന്ദർശനം നടത്തുന്നതിനും 'സ്വച്ഛ് ഭാരത് ദിവസ്' ആയ ഒക്ടോബർ 2-ന് ബഹു. പ്രധാനമന്ത്രി പങ്കെടുക്കുന്ന യോഗത്തിൽ പങ്കെടുക്കുന്നതിനുമായി കേന്ദ്ര ജലശക്തി മന്ത്രാലയം നിർദ്ദേശിച്ചതനുസരിച്ച് കേരളത്തിൽ നിന്നും 10 പേർ അടങ്ങുന്ന ഒരു ചെറു സംഘത്തെ അയയ്ക്കുന്നതിന് എക്സിക്യൂട്ടീവ് ഡയറക്ടർക്ക് പരാമർശം(2) പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇതിൻ പ്രകാരം താഴെപ്പറയുന്നവർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തതായും സമയ പരിമിതി മൂലവും കേരളത്തിൽ നിന്ന് അഹമ്മദാബാദിലേക്ക് II<sup>nd</sup> AC ട്രെയിൻ ടിക്കറ്റ് പ്രസ്തുത ദിവസങ്ങളിൽ ലഭ്യമല്ലാത്തതിനാലും മേൽ സംഘം വിമാനമാർഗ്ഗമാണ് യാത്ര ചെയ്തതെന്നും മേൽ യാത്രയുടെ ചെലവ് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ടിൽ നിന്നും ചെലവഴിച്ചെന്നും, ആയതിനാൽ മേൽ പ്രോഗ്രാമിൽ പങ്കെടുക്കുന്നതിനായി അഹമ്മദാബാദിലേക്ക് സർക്കാർ അനുമതിയില്ലാതെ നടത്തിയ വിമാനയാത്രയ്ക്ക് സാധൂകരണം നൽകണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

1. ശ്രീ.പി. അരവിന്ദാക്ഷൻ മാസ്റ്റർ, പ്രസിഡന്റ്, ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്
2. ശ്രീമതി.രജനി ജയദേവ്, പ്രസിഡന്റ്, ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്
3. ശ്രീ.എസ്. സുരേഷ്, പ്രസിഡന്റ്, പാറശ്ശാല ഗ്രാമ പഞ്ചായത്ത്
4. ശ്രീ.എ.രാജേഷ്, പ്രസിഡന്റ്, പരിയാരം ഗ്രാമ പഞ്ചായത്ത്
5. ശ്രീ.ആർ.എസ്.ബിജു, പ്രസിഡന്റ്, കടയ്ക്കൽ ഗ്രാമ പഞ്ചായത്ത്
6. ശ്രീമതി.രുഗ്മിണി സുബ്രഹ്മണ്യൻ, പ്രസിഡന്റ്, പുതാടി ഗ്രാമ പഞ്ചായത്ത്

7. ശ്രീ.അസൈനാർ വിശാരിയിൽ, പ്രസിഡന്റ്, കരുളായി ഗ്രാമ പഞ്ചായത്ത്

8. ശ്രീമതി.തങ്കമണി കെ., പ്രസിഡന്റ്, ഒളവണ്ണ ഗ്രാമ പഞ്ചായത്ത്

9. ശ്രീമതി.നിർമ്മല മോഹനൻ, പ്രസിഡന്റ്, വാരപ്പെട്ടി ഗ്രാമ പഞ്ചായത്ത്

10. ശ്രീ.പി.ഡി.ഫിലിപ്പ്. എ.ഡി.സി. & ഡയറക്ടർ (ഓപ്പറേഷൻസ്), ശുചിത്വ മിഷൻ,തിരുവനന്തപുരം.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേല്പറഞ്ഞ 10 പേർ 30/9/2019, 1/10/2019, 2/10/2019 എന്നീ തീയതികളിൽ ഗുജറാത്തിലെ ഒ.ഡി.എഫ്. പ്രവർത്തനങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനായി ഗുജറാത്ത് സംസ്ഥാനത്ത് സന്ദർശനം നടത്തുന്നതിനും 'സ്വച്ഛ് ഭാരത് ദിവസ്' ആയ ഒക്ടോബർ 2-ന് ബഹു. പ്രധാനമന്ത്രി പങ്കെടുക്കുന്ന യോഗത്തിൽ പങ്കെടുക്കുന്നതിനുമായി അഹമ്മദാബാദിലേക്കും തിരിച്ചും നടത്തിയ വിമാനയാത്രയ്ക്ക് മുൻ നൽകേണ്ട അനുമതി (Ex-post facto sanction) നൽകി ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോൾ ഡി**

**ജോയിന്റ് സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തികൾക്ക് (എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ